# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തം

എഴുതിയത് : Edward Hughes

ഉദാഹരണം : Byron Unger; Lazarus

അംഗികരിച്ചത് : M. Maillot; Tammy S.

തർജ്ജിമ ചെയ്തത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2017 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.



ജലപ്രളയത്തിനുശേഷം,
ഏറെക്കാലം
കഴിഞ്ഞപ്പോൾ ഭൂമിയിലെ
മനുഷ്യർ ഒരു പദ്ധതി
തയ്യാറാക്കി.



‘ഞങ്ങൾ ആകാശത്തോളം എത്തുന്ന ഗോപുരമുള്ള ഒരു പട്ടണം പണിയും’ അവർ പറഞ്ഞു. എക്കാലവും നമുക്ക് ...


... എല്ലാവർക്കും ഒരുമിച്ച്
ജീവിക്കാം. എല്ലാവരും ഒരേ
ഭാഷയായിരുന്നു അന്ന്
സംസാരിച്ചിരുന്നത്.



ദൈവം സൃഷ്ടിച്ച ഭൂമിയിൽ മുഴുവനും മനുഷ്യർ പോയി പാർക്കണമെന്നാണ് ദൈവം ആഗ്രഹിച്ചത്. അതുകൊണ്ട് സവിശേഷതയുള്ള

ചില കാര്യങ്ങൾ ചെയ്തു.


പെട്ടെന്ന് ഓരോ കൂട്ടം ആളുകൾ
ഓരോ വ്യത്യസ്ത ഭാഷയിൽ
സംസാരിക്കുവാൻ തുടങ്ങി.
ദൈവം അവർക്ക് പുതിയ
ഭാഷ നൽകി.


ഒരേ ഭാഷ സംസാരിക്കുന്നവരെല്ലാം ഒരു സ്ഥലത്തേക്കുപോയി. ഒരു പക്ഷേ, മറ്റുള്ളവരുടെ ഭാഷ
മനസ്സിലാകാതെ വന്നപ്പോൾ ജനങ്ങൾ ...

... ഭയപ്പെട്ടുപോയിക്കാണും. അങ്ങനെ ദൈവം മനുഷ്യരെ ഭൂമിയിലെ വിവിധ രാജ്യങ്ങളിൽ നിറയുമാറാക്കി.



അവർ വിട്ടുപോയ പട്ടണത്തിന്റെ പേര് ബാബേൽ എന്നാണ്, അതിന് ചിന്താക്കുഴപ്പം എന്നാണർത്ഥം.



കാലങ്ങൾ കഴിഞ്ഞപ്പോൾ, പട്ടണമായ കല്ദയ ഊർ എന്ന സ്ഥലത്തുള്ള അബ്രാം എന്ന മനുഷ്യനോടു ദൈവം സംസാരിച്ചു.



“ഈ ദേശം
വിട്ടുപോവുക,”
ദൈവം
കല്പിച്ചു.



“ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന
ദേശത്തേക്കു
പോവുക.”



അബ്രാം അനുസരിച്ചു. ദൈവം അവനെ നയിച്ചത് കനാനിലേക്കാണ്. അവന്റെ ഭാര്യ സാറായിയും സഹോദരന്റെ മകൻ ലോത്തും അവനോടൊപ്പം ഉണ്ടായിരുന്നു.



കനാനിൽ അബ്രാമും ലോത്തും ധനവാന്മാർ ആയിത്തീർന്നു. വളരെ വലിയ കന്നുകാലിക്കൂട്ടങ്ങൾ അവർക്കുണ്ടായിരുന്നു.



എന്നാൽ ഇത്ര വലിയ
കന്നുകാലിക്കൂട്ടങ്ങൾക്ക്
മതിയായ പുല്പുറങ്ങൾ
അവിടെ ഇല്ലായിരുന്നു.



ലോത്തിന്റെ കന്നുകാലികളെ മേയിക്കുന്നവർ അബ്രാമിന്റെ കന്നുകാലികളെ മേയിക്കുന്നവരുമായി വഴക്കുണ്ടാക്കി.

അബ്രാം പറഞ്ഞു; ...



… “ഇവിടെ പ്രശ്നങ്ങൾ ഒന്നും ഇല്ലാതിരിക്കട്ടെ, നാം തമ്മിൽ പിരിയാം. ലോത്തേ, നിനക്ക് ഇഷ്ടമുള്ള ഭൂമി നീ ആദ്യം തിരഞ്ഞെടുത്തുകൊൾക.”



ഗ്രാമങ്ങളും പട്ടണങ്ങളും
പുല്പുറങ്ങളും നല്ല
നീരൊഴുക്കും ഉള്ളതൊക്കെ
ലോത്ത്
തിരഞ്ഞെടുത്തു.



അതൊക്കെ കാഴ്ചയ്ക്ക് വളരെ
മനോഹരമായിരുന്നു. എന്നാൽ
ആ പട്ടണമാകട്ടെ വളരെ ദുഷ്ടത
നിറഞ്ഞതായിരുന്നു.




ലോത്ത് വിട്ടുപോയശേഷം
ദൈവം അബ്രാമിനോട്
പിന്നെയും സംസാരിച്ചു.
“നിനക്കും നിന്റെ മക്കൾക്കും ...


... സദാകാലത്തേക്കുംവേണ്ടി
കനാൻദേശം മുഴുവനും
ഞാൻ തരുന്നു.” അബ്രാമിനും
സാറായിക്കും മക്കൾ ...


... ഉണ്ടായിരുന്നില്ല.
പിന്നെ ദൈവം തന്റെ ഈ
വലിയ വാഗ്ദത്തം എങ്ങനെ
നിറവേറ്റും?



ദൈവത്തിന്റെ
അടുത്തുനിന്ന് മൂന്നുപേർ അബ്രാമിന്റെയും
സാറായിയുടെയും വീട്ടിൽ വന്നു.



“അധികം താമസിക്കാതെ നിങ്ങൾക്ക് ഒരു സന്തതി ജനിക്കും,” അവർ പറഞ്ഞു. സാറായി ചിരിച്ചു. ദൈവത്തിന്റെ ദൂത് അവൾക്ക് വിശ്വസിക്കാനായില്ല.



അവൾക്ക് വയസ്സ് തൊണ്ണൂറ് ഉണ്ടായിരുന്നു.
ഇനി മുതൽ നിന്നെ അബ്രഹാം
എന്നും സാറായിയെ സാറ എന്നും
വിളിക്കുമെന്ന് ദൈവം പറഞ്ഞു.


പിന്നെ ദൈവം
അബ്രഹാമിനോട്,
സോദോം, ഗോമോറ
എന്നീ ദുഷ്ടത
നിറഞ്ഞ രണ്ടു ...



... പട്ടണങ്ങളെ ദൈവം നശിപ്പിക്കാൻ പോകയാണെന്നും പറഞ്ഞു.



അബ്രഹാമിന്റെ
സഹോദര പുത്രൻ
ലോത്തും
കുടുംബവും

സോദോമിലാണ്
പാർക്കുന്നത്.

ദൈവത്തിന്റെ മുന്നറിയിപ്പ് ലഭിച്ചപ്പോൾ ലോത്ത് വിശ്വസിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ മക്കളുടെ ഭർത്താക്കന്മാർ സോദോം വിട്ടുപോകുവാൻ താൽപര്യപ്പെട്ടില്ല.



എന്തൊരു
ദുരന്തമായിപ്പോയി!
അവർ ദൈവശബ്ദം
വിശ്വസിച്ചില്ല.



ലോത്തും തന്റെ രണ്ട്
പെൺമക്കളും മാത്രമേ
രക്ഷപ്പെട്ടുള്ളൂ. ദുഷ്ടത
നിറഞ്ഞ ആ പട്ടണത്തെ
തീയും ഗന്ധകവും
കത്തിച്ചുകളഞ്ഞു.




ദുഃഖകരമെന്നു പറയട്ടെ,
ഓടിപ്പോകുമ്പോൾ പിന്നോട്ട്
തിരിഞ്ഞു നോക്കിയതുമൂലം
ലോത്തിന്റെ
ഭാര്യ
...

... ദൈവത്തിന്റെ
മുന്നറിയിപ്പിനോടു
അനുസരണക്കേടു
കാട്ടി.



അവൾ ഒരു
ഉപ്പുതൂണായിത്തീർന്നു.





ദൈവം
അബ്രഹാമിനും
സാറായ്ക്കും
കൊടുത്തിരുന്ന
വാഗ്ദത്തം
നിറവേറ്റി.
ദൈവം
പറഞ്ഞിരുന്നതുപോലെ
തന്നെ, ...



... അവരുടെ
വാർദ്ധക്യത്തിൽ
അവർക്ക് ഒരു
മകൻ ജനിച്ചു.
യിസ്ഹാക്ക്
ജനിച്ചപ്പോൾ
അവർ
എത്രയധികം
സന്തോഷിച്ചെന്നോ?


കനാൻദേശം
തനിക്കും തന്റെ
മക്കൾക്കും
തലമുറ
തലമുറയായി
ദൈവം
നൽകുമെന്ന ...


... വാഗ്ദത്തം
ഒരുപക്ഷേ,
അബ്രഹാം
ഓർത്തുകാണും. ആ
വാഗ്ദത്തവും
ദൈവം
നിറവേറ്റും.

ദൈവം
എല്ലായ്പ്പോഴും
തന്റെ വാഗ്ദത്തം
നിറവേറ്റുന്ന
ദൈവമാണ്.



അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തം

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ഉല്പത്തി 11-21

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുതവാനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ്
.എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി
ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു
യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും.
നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ
പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും
ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ
വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ
മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ
ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ
എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം
നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക്
വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ
മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട്
സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16